# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 05/08/2016

**(01 DHUL QADDA 1437 HIJRI)**

## Hazrat Khalifathullah Munir Ahmad Azim (A)

## "THE REMEMBRANCE OF ALLAH" / "ദൈവ സ്മരണ"

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ദൈവസ്മരണ എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. **"(അവരത്രെ) വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക, അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസമാധാനം കൈവരുകയുള്ളൂ."** (13:29) ഹൃദയങ്ങളുടെ യഥാർത്ഥ പോഷണം ദൈവസ്മരണയാകുന്നു. മനുഷ്യന്റെ ഹൃദയവും, മനസ്സും, ആത്മാവും ദൈവസ്മരണയാൽ ഉത്ക്കർഷം പ്രാപിക്കുന്നു. അതില്ലെങ്കിൽ അവ ചുരുങ്ങിപ്പോകുന്നു. ദൈവസ്മരണ പ്രയാസമുള്ള കാര്യമല്ല. വാസ്തവത്തിൽ, ഇതൊരു വലിയ നിസ്സാരമായ ഉത്തരവാദിത്വമാണ്. അതിന്റെ പ്രതിഫലവും, മഹത്വവും വാസ്തവത്തിൽ വളരെ വലുതാണ്. ഒരുവൻ ഇത്രയും പ്രാധാന്യമുള്ള ഒരു കാര്യത്തെ അവഗണിക്കുകയാണെങ്കിൽ, നിസ്സാരമായി നേടാവുന്നതും എന്നാൽ വലിയ പ്രതിഫലം ലഭിക്കുന്നതുമായ ഈ കാര്യം നേടാൻ കഴിയാതെ പോകുന്നവർ ദൗർഭാഗ്യവാൻമാർ തന്നെയാണ്. ദൈവസ്മരണയോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നത്, തന്നിലേക്ക് കുഴപ്പം ക്ഷണിച്ചു വരുത്തലാകും. അല്ലാഹു വിശുദ്ധ ഖുർആനിൽ, ദൈവ സ്മരണയിൽ നിന്ന് വിട്ടലകുന്നവരെക്കുറിച്ചും അവരെ വിസ്മൃതിയിലേക്ക് തരംതാഴ്ത്തുന്നതിനെക്കുറിച്ചും വിവരിക്കുന്നു. **"പിശാച് അവരുടെ മേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ സ്മരണ അവർക്ക് അവൻ വിസ്മരിപ്പിച്ചുകളഞ്ഞു. അവർ പിശാചിന്റെ സംഘമാവുന്നു. പിശാചിന്റെ സംഘം നഷ്ടമനുഭവിക്കുന്നവർ തന്നെയാണ്." (58:20)** നമ്മുടെ ഭൗതിക കാര്യങ്ങളിൽ നാം വ്യാപൃതരായിരിക്കെ, ഇത് പ്രയാസമുള്ളതാണെന്നിരിക്കലും, നാം മുസ്ലീങ്ങൾ ദൈവ സ്മരണയിൽ നിലകൊള്ളാൻ കഠിനമായി യത്നിക്കേണ്ടതാണ്. ദൈവസ്മരണ, പിശാചിന്റെ ദുർബോധനങ്ങൾക്കെതിരിലുള്ള വളരെ ശക്തമായ ആയുധമാണ്. അവന്റെ ജൽപനങ്ങൾ നമ്മുടെ ഹൃദയങ്ങളെ മെല്ലെ കീഴ്പ്പെടുത്തുകയും, സ്വയം വഴികേടിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നതാണ്. നല്ല ഗുണകരമായ ജീവിതത്തിന്, കൂടുതൽ സമയം നേടികൊടുക്കുവാൻ സഹായിക്കുന്ന, സാങ്കേതിക വിദ്യയുണ്ടെങ്കിൽപ്പോലും, ജനങ്ങളെ ഇന്ന് കൂടുതൽ കൂടുതൽ അസ്വസ്ഥരായി, ദുഃഖിതരായി, ബുദ്ധിമുട്ടുള്ളവരായി, ഉത്കണ്ഠാകുലരായി കാണുന്നു. ഇതിന്റെ കാരണം സാത്താൻ അവരുടെ മേൽ ആധിപത്യം ചെലുത്തിയിരിക്കുന്നു. അല്ലാഹുവിനോടുള്ള അവരുടെ ശ്രദ്ധ അവൻ അകറ്റുകയും, അവരുടെ തീരുമാനങ്ങളിൽ അവൻ അവരെ വഴിതെറ്റിക്കുകയും ചെയ്തിരിക്കുന്നു. ദൈവസ്മരണയിൽ സ്ഥിരത കൈക്കൊള്ളുന്നവർ, അല്ലാഹുവിനെ ഭയപ്പെടുന്നു, അവരുടെ ജീവിതം അല്ലാഹുവിന്റെ കൽപനകൾക്കനുസൃതമായി പുനഃക്രമീകരിക്കുന്നു. വ്യക്തി ബന്ധങ്ങളും, സാമൂഹ്യ ബന്ധങ്ങളും പാരിസ്ഥിതിക ബന്ധങ്ങളും സൗഹൃദമായ നിലയിൽ നിലനിർത്തുന്നു. തൽഫലമായി, ദുഷ്ചെയ്തികൾ ഇല്ലായ്മ ചെയ്യുന്നു, ഹൃദയ നൈർമല്യം കൊണ്ട് നന്മകൾ കൽപ്പിക്കുന്നു, തിന്മകൾ തടയുന്നു. ഹൃദയസമാധാനം കണ്ടെത്തുവാൻ ഇത് നമ്മെ സഹായിക്കുന്നു. അല്ലാഹു (ത) തന്റെ ദാസന്മാരെ ഉപദേശിക്കുന്നത് കാണുക. **"അല്ലാഹു നിനക്ക് നൽകിയ അനുഗ്രഹത്തിൽക്കൂടി പാരത്രിക ഭവനം നീ അന്വേഷിക്കുക. ഐഹീക ജീവിതത്തിൽ നിന്നുള്ള നിന്റെ അംശം നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് ഔദാര്യം നൽകിയിട്ടുള്ളതുപോലെ നീയും (മനുഷ്യർക്ക്) ഔദാര്യം നൽകുക. നാട്ടിൽ കുഴപ്പമുണ്ടാക്കാൻ നീ ശ്രമിക്കരുത്. തീർച്ചയായും അല്ലാഹു കുഴപ്പമുണ്ടാക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല."** (28:78)

കഴിഞ്ഞ ആഴ്ച ഞാൻ വിശദീകരിച്ചതുപോലെ, നാവ്, ദൈവസ്മരണയാൽ ശുദ്ധമായിരിക്കുമ്പോൾ, നിരാശയെ ആട്ടിയോടിക്കുവാൻ നാം കഴിവുറ്റവരായി തീരുന്നു. ദൈവസ്മരണ നിരാശയെ വധിക്കുന്നു, അല്ലാഹുവിലുള്ള വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പുതിയ വാതായനങ്ങൾ ഹൃദയങ്ങളിൽ തുറക്കപ്പെടുന്നു. മാത്രമല്ല, അല്ലാഹുവിലുള്ള ഈ വിശ്വാസം ശാന്തത സൃഷ്ടിക്കുന്നു. ദൈവദാസന്റെ വിശ്വാസവും ഉത്തരവാദിത്വവും ശക്തിപ്പെടുത്തുന്നു, അല്ലാഹുവിനോടും ജനങ്ങളോടുമുള്ള ഉത്തരവാദിത്വം ! അങ്ങനെ നമ്മുടെ ഇഷ്ടങ്ങളൊക്കെ നാം അല്ലാഹുവിന്റെ മുമ്പിൽ മാത്രം സമർപ്പിക്കുന്നു, മറ്റാരുടെയും മുൻപിലല്ല. നാം വിശ്വസിക്കുകയും ഭരമേൽപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാ കാര്യങ്ങളും ഏറ്റെടുത്ത് നടത്തിക്കൊള്ളുമെന്ന് ! എന്ത് സംഭവിച്ചാലും ഒന്നുമില്ല, നേർപാതയിൽ നാം നിൽക്കാൻ കഠിനമായി യത്നിക്കുവോളം കാലം ! മനുഷ്യരെന്ന നിലയിൽ നമ്മുടെ പരിമിതികൾ നാം മനസ്സിലാക്കുമ്പോൾ, അപ്പോഴും നാം കാര്യങ്ങളെ നേരെ ചൊവ്വെ നോക്കി കാണേണ്ടതാണ്, അവശേഷിക്കുന്നത് അല്ലാഹുവിന്റെ ബുദ്ധിവൈഭവത്തിന് വിട്ടുകൊടുക്കേണ്ടതാണ്. അങ്ങനെ നൈരാശ്യം അല്ലാഹുവിലുള്ള വിശ്വാസത്തിന് വഴിമാറുന്നു. അവൻ മാത്രമാണ് എല്ലാത്തിന്റേയും അധികാരി! എല്ലാ നല്ല ഗുണങ്ങളുടെയും അവകാശി അവൻമാത്രമാണ്. അവൻ മാത്രമാണ് എല്ലാം കാണുന്നത്, എല്ലാം അറിയുന്നത്, എല്ലാ നന്മയുള്ളവനും അവൻ മാത്രമാണ്, അതിബുദ്ധിമാനും അവൻ തന്നെ. **“ വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു (വിഷമങ്ങളിൽ നിന്ന്) രക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടാക്കി കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നൽകുകയും ചെയ്യും. തന്റെ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവരാരോ അവന് അല്ലാഹു മതിയായവനാകുന്നു. അല്ലാഹു തന്റെ (ഉദ്ദിഷ്ട) കാര്യം പ്രാപിക്കുന്നവൻ തന്നെയാണ്. ”**(65:3 – 4) എന്നിരുന്നാലും, മുസ്ലീങ്ങൾ എന്ന നിലയിൽ, എന്ത് തന്നെ സംഭവിച്ചാലും, അത് അവന്റെ ഇച്ഛ പ്രകാരമാണെന്ന് നാം വിശ്വസിക്കണം. നമുക്ക് നന്മയായിട്ടുള്ളത് മാത്രമാണ് അവൻ പ്രവർത്തിക്കുന്നത്. നമുക്കെന്തെങ്കിലും ഒരു പ്രശ്നമുണ്ടെങ്കിൽ, അതിൽ നിന്നു കരകയറുവാനുള്ള വഴി അവൻ തുറക്കുന്നതാണ് എന്ന് നമുക്ക് ബോധ്യമുണ്ടാകണം. **“ അപ്പോൾ (ഓർമിക്കുക.) തീർച്ചയായും പ്രയാസത്തോടുകൂടി (പ്രയാസത്തെതുടർന്ന്) ആശ്വാസം ലഭിക്കുന്നതാണ്. (അതെ) തീർച്ചയായും പ്രയാസത്തോടുകൂടി (അതിനെ തുടർന്ന്) ആശ്വാസം ലഭിക്കുന്നതാണ്. (94:6 – 7) ഖുർആന്റെ അധ്യാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ (സ) അനേകം ഹസീദുകളിലൂടെ, ദൈവസ്മരണയുടെ പ്രാധാന്യത്തെക്കുറിച്ച് എടുത്ത് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരനുചരൻ അബൂമൂസാ (റ) വിവരിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞു. “ദൈവസ്മരണയിൽ കഴിയുന്നവൻ ജീവിച്ചിരിക്കുന്നവനെപോലെയും, ദൈവസ്മരണയില്ലാത്തവൻ മരിച്ചവനെപോലെയുമാകുന്നു എന്ന് പ്രവാചകൻ (സ) താരതമ്യം ചെയ്തു പറയുകയുണ്ടായി. ” (ബുഖാരി, മുസ്ലീം) ദൈവ സ്മരണയിൽ ഏർപ്പെടുന്നവനെ ജീവിച്ചിരിക്കുന്നവനായി താരമത്യം ചെയ്തിരിക്കുന്നു. കാരണം ആത്മാവിന്റെ നിലനിൽപ്പ് വാസ്തവത്തിൽ ദൈവസ്മരണയിലൂടെയാണ്. ദൈവസ്മരണയിൽ നിന്നും പിൻ തിരിയുന്നവനെ മരിച്ചവനാണെന്ന് താരതമ്യം ചെയ്തതു അതുകൊണ്ടാണ്. അല്ലാഹുവിനെ സ്മരിക്കുന്നവനെ അല്ലാഹു സ്മരിക്കുന്നു എന്നതും കണക്കിലെടുക്കേണ്ടതാണ്. പ്രവാചകൻ (സ) യുടെ മറ്റൊരു ഉറ്റ അനുചരൻ, അബൂഹുറൈറ (റ) വിവരിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞു. “അല്ലാഹു (ത) പറയുന്നു, എന്നെ സ്മരിക്കുമ്പോൾ ഞാൻ എന്റെ സേവകനോടൊപ്പമുണ്ട്. എന്നെ അവൻ അവന്റെ ഹൃദയത്തിൽ സ്മരിക്കുമ്പോൾ, ഞാനും അവനെ എന്നിൽ സ്മരിക്കുന്നു, ഒരു സദസ്സിൽ അവൻ എന്നെ സ്മരിക്കുമ്പോൾ, ഞാൻ അതിനെക്കാൾ വലിയ ഒരു സദസ്സിൽ, അവനെപ്പറ്റി പറയുന്നതാണ്. (അതായത് മലക്കുകളുടെ സദസ്സിൽ)”** (ബുഖാരി, മുസ്ലീം) മറ്റൊരു കാര്യം, സ്വയം പര്യാപ്തതയിൽ എത്തിയവർ ഭൗതിക വസ്തു വകകളും, ധനവും ആഡംബരങ്ങളും ദൈവസ്മരണയ്ക്ക് എതിരാണെന്ന് ധരിക്കരുത്. അത്തരം വസ്തുവകകളും ഒരു നിശ്ചിത കാലയളവിലേക്ക് അല്ലാഹു (ത) അവരുടെ മേൽ നൽകിയ അനുഗ്രഹങ്ങളാണ്. അതുകൊണ്ട് ആഡംബര സമൃദ്ധരാകുന്നവർ, ദൈവസ്മരണയിൽ നിന്ന് മാറി നിൽക്കരുതെന്നുമാത്രം! അല്ലാഹു (ത) യെ അവർ നിരന്തരം സ്മരിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു (ത) അവരുടെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക്, സുഖ സൗകര്യങ്ങൾക്ക് അവർ സദാ നന്ദി

രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ നല്ല കാര്യങ്ങളിൽ പങ്കുകൊള്ളുകയും ധനത്തിന്റെ ഒരു ഭാഗം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നത് ഭാഗ്യമായി കരുതുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ഇത്തരം ധന ത്യാഗങ്ങൾ, അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതാണ്. ഇതും ഒരു രീതിയിലുള്ള ദൈവസ്മരണയാകുന്നു. ഒരാൾ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നതിനോടൊപ്പം തന്റെ ധനത്തിന്റെ ഒരു ഭാഗമോ അഥവാ മുഴുവൻ ഭാഗവും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു, ദീനിൽ ഇസ്ലാമിന്റെ പ്രവർത്തനങ്ങൾക്കായി, തുടർന്നും ഇസ്ലാമിന് കൂടുതൽ പുരോഗതി ഉണ്ടാകുവാനുള്ള സഹായം!

ആയതിനാൽ നാവുകൊണ്ടും, മനസ്സുകൊണ്ടും, പ്രവർത്തികൊണ്ടും അല്ലാഹുവിനെ വീണ്ടും വീണ്ടും സ്മരിച്ചുകൊണ്ടിരിക്കുന്ന സ്വഭാവം നമുക്ക് വളർത്തിയെടുക്കാം. മുആദ് ഇബ്നു ജബൽ (റ) വിവരിക്കുന്നു പ്രവാചകൻ (സ) പറഞ്ഞു. **"സ്വർഗ്ഗവാസികൾ ഒരു കാര്യത്തിലും ദുഖിക്കുന്നവരല്ല. എന്നാൽ ദൈവസ്മരണയിൽ വ്യാപൃതരാകാതിരുന്ന സമയങ്ങളെക്കുറിച്ച് (അവർ ഭൂമിയിലായിരുന്നപ്പോൾ) ഖേദിക്കുന്നതാണ്. അവർ നഷ്ടപ്പെട്ടുപോയ അത്തരം നിമിഷങ്ങളെക്കുറിച്ച് ഖേദിക്കുന്നതാണ്."** (ത്വബറാനി, ബൈഹഖി) നിങ്ങളറിയണം, ഇത്തരം ഖേദ പ്രകടനം, ഭൂമിയിലെ ഒരു രീതിയിലുമുള്ള ഖേദപ്രകടനം പോലെയുമല്ല. കാരണം ഈ ഖേദപ്രകടനത്തിന് പ്രയാസമോ ദുഖമോ ബാധിക്കുന്നതല്ല. ഈ ആളുകൾ ഭാഗ്യവാന്മാർ തന്നെയാണ്, സ്വർഗ്ഗം എത്തിപ്പിടിക്കുന്നതിൽ അവർ വിജയിച്ചു, പരമാവധി ദൈവസ്മരണ നടത്തുവാൻ അവർക്ക് കഴിഞ്ഞിരുന്നുവെങ്കിൽ സ്വർഗ്ഗത്തിലെ തന്നെ ഉന്നതസോപാനങ്ങളിലേക്ക് എത്താമായിരുന്നു എന്ന് സാരം. ഏറ്റവും നല്ല നിലയിൽ ദൈവസ്മരണ നിലനിർത്തുവാൻ അല്ലാഹു നമ്മെ സഹായിക്കട്ടെ ! അങ്ങനെ അവൻ നമ്മെപ്പറ്റി തൃപ്തിപ്പെടട്ടെ. നമ്മെപ്പറ്റി ചിന്തിക്കുക. നമ്മുടെ പ്രവർത്തനങ്ങൾ വാഴ്ത്തപ്പെടട്ടെ ! നമ്മുടെ അവനോടുള്ള സ്നേഹം വാഴ്ത്തപ്പെടട്ടെ. മാലാഖമാരോടുള്ള സ്നേഹം വാഴ്ത്തപ്പെടട്ടെ അവന്റെ എല്ലാ സൃഷ്ടികളോടുമുള്ള (ഭൂമിയിലും സ്വർഗ്ഗത്തിലും) സ്നേഹം വാഴ്ത്തപ്പെടട്ടെ ആമീൻ. തീർച്ചയായും നമ്മുടെ മുൻഗണന അല്ലാഹുവാണ്. നമ്മുടെ പ്രതിഫലമായി അല്ലാഹുവിനെ തേടുക, അവനെ നേടുക. നമ്മുടെ ജീവിത ലക്ഷ്യം ഇതാണ്; എന്തു തന്നെയായാലും ! അവനിൽ ചേരാൻ നമ്മെ പ്രാപ്തരാക്കട്ടെ ! ആമീൻ അവന്റെ സ്നേഹത്തിലും ആലിംഗനത്തിലും അമരട്ടെ ! ആമീൻ, സുമ്മ ആമീൻ, യാറബ്ബൽ ആലമീൻ!


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*